ഖുത്ബ
16.7.2004
ബൈത്തുൽ ഫുത്തൂഹ്
മോർഡൻ, ലണ്ടൻ.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# സദസ്സിന്റെ മര്യാദകൾ പാലിക്കേണ്ടത് ഓരോ അഹ്മദിയ്ക്കും നിർബന്ധമാണ്.

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اِذَا تَنَاجَيْتُمْ فَلَا تَتَنَاجَوْا
بِالْاِثْمِ وَالْعُدْوَانِ وَمَعْصِيَتِ الرَّسُوْلِ وَتَنَاجَوْا
بِالْبِرِّ وَالتَّقْوٰى وَاتَّقُوا اللّٰهَ الَّذِيْٓ اِلَيْهِ تُحْشَرُوْنَ (58:10)

സമൂഹവുമായി ബന്ധപ്പെടാതെ ജീവിക്കാൻ കഴിയാത്ത, അല്ലാഹുവിന്റെ ഒരു സൃഷ്ടിയാണ് മനുഷ്യൻ. സാമൂഹ്യപരമായ ജീവിതം കൊണ്ടുദ്ദേശിക്കുന്നത് സ്വന്തം സംഘത്തെ അല്ലെങ്കിൽ കുടുംബത്തെ തിരിച്ചറിയുന്നതിനുവേണ്ടി ഒരു സംഘമോ സമൂഹമോ കുടുംബമോ ആയി ജീവിക്കുക എന്നതു മാത്രമല്ല. ഇപ്രകാരമുള്ള സംഘങ്ങൾ മറ്റു ജീവികളിലും കാണാവുന്നതാണ്. സംഘടിതമായി ജീവിക്കുകയാണെങ്കിൽ മറ്റു മൃഗങ്ങളിൽനിന്നും രക്ഷപ്പെടാൻ കഴിയുമെന്നുള്ള ബോധം ആ ജീവികൾക്കുമുണ്ട്. തങ്ങളുടെ കുട്ടികളുടെയും ദുർബലരുടെയും സംരക്ഷണത്തിനായി, ചില മൃഗങ്ങൾ വളരെ പ്ലാനിംഗോടുകൂടി നടക്കുകയും ചെയ്യുന്നു.

ഞാൻ ഘാനയിലായിരുന്നപ്പോൾ ആ ജമാഅത്തിന്റെ ഒരു ഫാം ഉണ്ടായിരുന്നു. അത് വനത്തിനുള്ളിൽ നദീതീരത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. വനം വെട്ടി വൃത്തിയാക്കിയാണ് അതാരംഭിച്ചത്. അവിടെ വിവിധതരത്തിലുള്ള മൃഗങ്ങളുണ്ടായിരുന്നു. ഒരു ദിവസം ഞാൻ ഫാമിൽ പോയപ്പോൾ, അവിടത്തെ വേലക്കാരൻ എന്നോടു പറഞ്ഞു. ഞങ്ങൾ അതിരാവിലെ ഫാമിലേക്ക് വരുമ്പോൾ ഫാം തുടങ്ങുന്ന അതിർത്തിയിൽ എത്തിയപ്പോൾ ഒരിനം കുരങ്ങുകളുടെ വലിയൊരു സംഘം ആ തീരത്ത് ഇരിക്കുന്നതു കണ്ടു. ഞങ്ങളുടെ ശബ്ദം കേട്ടപ്പോൾ അവ ഓടാൻ തുടങ്ങി. ഓടാൻ തുടങ്ങിയപ്പോഴാണ് അവയിൽ ദുർബലരും, പ്രായം ചെന്നവയും, കുട്ടികളുമുണ്ടെന്ന് അറിയാൻ കഴിഞ്ഞത്. അടുത്ത കാട്ടിൽ എത്തിപ്പെടുന്നതിന് അവയ്ക്ക് ഫാം നില കൊള്ളുന്ന മൈതാനത്തുകൂടെ പോകണമായിരുന്നു. അവയ്ക്ക് നല്ല ഭയം ഉണ്ടായിരുന്നതായിതോന്നി. അത്തരം ഘട്ടത്തിൽ മനുഷ്യരിൽ കുറച്ചു ധൈര്യമുണ്ടാകുന്നത് സ്വാഭാവികമാണ്. ഞങ്ങൾ 4,5 പേരുണ്ടായിരുന്നു. ഞങ്ങളോടൊപ്പം ഒരു നായയും ഉണ്ടായിരുന്നു. നായ അവറ്റകളുടെ പിന്നാലെ ഓടി. അവർ പറയുന്നു: നായ അവരുടെ മുമ്പേ ഓടുകയായിരുന്നു. നായ ആ കുരങ്ങുകളുടെ അടുക്കലെത്തി. ആ സംഘത്തിന്റെ പിന്നാലെ ഫയൽവാനെപോലെ ആരോഗ്യവാനായ ഒരു കുരങ്ങുണ്ടായിരുന്നു. ഒരു പക്ഷേ അവനെ തങ്ങളുടെ സേവനത്തിനായി മറ്റു കുരങ്ങുകൾ നിയമിച്ചതാകാം. നായ അടുത്തെത്തിയത് കണ്ടപ്പോൾ കാലിൽ കൈവെച്ചുകൊണ്ട് ഫയൽവാനിരിക്കുന്നതുപോലെ ആരോഗ്യവാനായ കുരങ്ങൻ അവിടെ ഇരുന്നു. ബാക്കി കുരങ്ങുകളെല്ലാം മുമ്പേ നടന്നുപോയി. നായ തന്റെ തൊട്ടടുത്തെത്തിയപ്പോൾ മനുഷ്യൻ അടിക്കുന്നതുപോലെ അതിന്റെ കരണക്കുറ്റിയ്ക്ക് ഒരടി കൊടുത്തു. നായ കരഞ്ഞുകൊണ്ട് ഓടി. വീണ്ടും ആ കുരങ്ങൻ നായ വരുമെന്ന പ്രതീക്ഷയിൽ അവിടെ ഇരുന്നു. എന്തായാലും തന്റെ ആളുകളെല്ലാം രക്ഷപ്പെട്ടിരിക്കുന്നുവെന്ന് കണ്ടപ്പോൾ ആ കുരങ്ങനും പിന്നാലെ ചെന്ന് തന്റെ സംഘത്തോടൊപ്പം ചേർന്നു.

സംരക്ഷണത്തിന്റെ ഈ വ്യവസ്ഥിതി ഓരോന്നിന്റെ കഴിവിന്റെയും ഗ്രാഹ്യത്തിന്റെയും അടിസ്ഥാനത്തിൽ അല്ലാഹു എല്ലാ ജീവികളിലും വെച്ചിരിക്കുന്നു. പഠിപ്പിക്കപ്പെടുന്ന കുറച്ചു മൃഗങ്ങളുമുണ്ട്. എന്തായാലും അവയ്ക്കൊരു വൃത്തമുണ്ട്. അതിരിടപ്പെട്ട ഒരു വൃത്തമുണ്ട്. അതിനുള്ളിലേ അവയ്ക്ക് ജീവിക്കാൻ കഴിയൂ. അല്ലാഹു അതിന്റെ പ്രകൃതിയിൽ വെച്ചിട്ടുള്ളതനുസരിച്ചേ അതിനു പ്രവൃത്തിയ്ക്കാൻ കഴിയൂ. സദാചാരഗുണങ്ങളുള്ളവരെപ്പോലെ അവയിൽ ശിക്ഷയോ വിവേചനമോ അതുപോലുള്ള മറ്റെന്തെങ്കിലുമോ ഉണ്ടായിരിക്കുകയില്ല. ഞാൻ പറഞ്ഞതുപോലെ, എന്തൊന്നാണോ അവയുടെ പ്രകൃതിയിലുള്ളത് അതവ ചെയ്യുക തന്നെ വേണം. എന്നാൽ, മനുഷ്യനെ അല്ലാഹു അശ്റഫുൽ മഖ്ലൂഖാത്താക്കിയിരിക്കുന്നു; സൃഷ്ടികളിലുത്തമൻ. അവൻ സമൂഹത്തിൽ ജീവിക്കണം. സംഘടിതമായി ജീവിക്കണം. അവരെ വിവിധ ജനതകളായും കുടുംബങ്ങളായും വീതിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കാനും അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനും മനുഷ്യൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവൻ സദാചാരത്തിന്റെ ഉന്നതമായ നില ഉറപ്പിച്ചുനിറുത്തുകയും അതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകുകയും വേണ്ടതാണ്. എന്തുകൊണ്ടെ

ന്നാൽ, അത് തുറന്നു കിടക്കുന്ന വിശാലമായ മൈതാനമാണ്. ഇപ്രകാരം റൂഹാനിയ്യത്തിലും അഭിവൃദ്ധിപ്പെടേണ്ടതാണ്. നിങ്ങളുടെ ബുദ്ധിയും ഉപയോഗിക്കണം. കഠിനാധ്വാനത്തിലൂടെ പിന്നീടതിനെ തിളക്കമുള്ളതാക്കി തീർക്കുകയും വേണം. എന്തായാലും ഈ സമൂഹത്തിൽ ജീവിക്കുന്നതിനുവേണ്ടി, കൂടെ വസിക്കുന്ന മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനുവേണ്ടി, മജ്‌ലിസ് അഥവാ സദസ്സിനോടുള്ള കടമകൾ നിറവേറ്റുക എന്ന സൽസ്വഭാവവും ഉണ്ടായിരിക്കണമെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. റൂഹാനിയ്യത്തിൽ നിന്ന് വിഹിതം ലഭിച്ചിട്ടുള്ള ഒരഹ്മദി ഈ സൽസ്വഭാവം നടപ്പിൽ വരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പലതരത്തിലുള്ള സദസ്സുകളുണ്ട്. ഭൗതികോദ്ദേശ്യത്തിനുവേണ്ടി ചില സദസ്സുകൾ ചേരാറുണ്ട്. ചില സദസ്സുകൾ ദീനിനുവേണ്ടി കൂടാറുണ്ട്. എന്നാൽ, ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഭൗതികോദ്ദേശ്യത്തിനുവേണ്ടി ചേരുന്ന സദസ്സുകളും അല്ലാഹുവിനോടുള്ള ഭയത്തോടും തഖ്‌വയോടും കൂടി ചേരുകയാണെങ്കിൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അതുകാരണമായിത്തീരും. സദസ്സുകൾ സംഘടിപ്പിക്കുന്നവർക്കായി വിശുദ്ധഖുർആനിൽ വിവിധരീതിയിൽ ഉപദേശം നല്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ചേരുന്ന മജ്‌ലിസുകൾ അഥവാ സദസ്സുകൾ ദീനീപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണെങ്കിലും ഭൗതികമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണെങ്കിലും നിങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടിയാണെങ്കിലും ഒരാൾ മറ്റൊരാളുടെ വികാരത്തെ എപ്പോഴും മാനിക്കണമെന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു. നിങ്ങളെന്റെ ദാസന്മാരാണെങ്കിൽ നിങ്ങളുടെ വായിൽനിന്ന് നല്ലതായ കാര്യങ്ങൾ മാത്രമേ പുറത്തുവരാൻ പാടുള്ളൂ. എപ്പോഴും '*യഖൂലുല്ലത്തീ ഹിയ അഹ്സൻ*' അവർ ഏറ്റവും ഉത്തമമായത് പറയട്ടെ എന്ന കല്പനയാണുള്ളത്. ഇതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സമൂഹത്തിൽ, നിങ്ങളുടെ മജ്‌ലിസുകളിൽ എപ്പോഴും ശയ്ത്വാൻ കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കും. ശയ്ത്വാൻ നിങ്ങളോടു ശത്രുത പുലർത്തുകതന്നെവേണമെന്നത് അവന്റെ പ്രകൃതിയിലുള്ളതാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ വീട്ടിൽ ഭാര്യാമക്കളുമായി മജ്‌ലിസു ചേരുമ്പോഴും, കുടുംബത്തിൽ എന്തെങ്കിലും ഫംഗ്ഷനായി കൂടിച്ചേരുമ്പോഴും, തൊഴിൽപരമായ ചർച്ചകൾക്കുവേണ്ടിയുള്ള മജ്‌ലിസ് കൂടുമ്പോഴും, ദീനീ മജ്‌ലിസ് ചേരുമ്പോഴും, ശാഖാ സംഘടനകളുടെ മജ്‌ലിസുകൾ ചേരുമ്പോഴും, ഇജ്തിമാഇൽ പങ്കെടുക്കുമ്പോഴും എവിടെയായാലും ഹൃദയത്തെ ജ്വലിപ്പിക്കുന്നതും മറ്റുള്ളവരെ ശുണ്ഠിപിടിപ്പിക്കുന്നതും ആയ കാര്യങ്ങൾ പറയുകയോ മജ്‌ലിസിലെ മര്യാദ പാലിക്കാതിരിക്കുകയോ ചെയ്താൽ തീർച്ചയായും ആ മജ്‌ലിസിൽ കലഹമുണ്ടാകുന്നതാണ്. ശയ്ത്വാൻ ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്. അതുകൊണ്ട് നിങ്ങൾ ശരിയായ സത്യവിശ്വാസിയാണെങ്കിൽ നിങ്ങളുടെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും ഈ കലഹത്തിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുക. ശയ്ത്വാൻ സത്യവിശ്വാസികളുടെ മേൽ വിവിധരീതിയിൽ ആക്രമണം നടത്താൻ കാത്തിരിക്കുകയാണ്. അതുകൊണ്ട്, ഇന്നു ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു പറഞ്ഞിരിക്കുന്നു:

"വിശ്വസിച്ചവരേ, നിങ്ങൾ രഹസ്യാലോചന നടത്തുമ്പോൾ കുറ്റം ചെയ്യാനും അതിക്രമം പ്രവർത്തിക്കാനും ദൈവദൂതന്റെ കല്പന ലംഘിക്കാനുംവേണ്ടി നിങ്ങൾ രഹസ്യാലോചന നടത്തരുത്. എന്നാൽ, നന്മ പ്രവർത്തിക്കാനും സൂക്ഷ്മത കൈക്കൊള്ളാനും വേണ്ടി നിങ്ങൾ രഹസ്യാലോചന നടത്തിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവനിലേക്കാണ് നിങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്നത്." (58:10)

നോക്കുക, ഇതിൽ സംബോധിതർ സത്യവിശ്വാസികളാണ്. മനുഷ്യൻ തന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പരസ്പരം അഭിപ്രായം ആരായാറുണ്ട്. അതിൽ ഒരു കുഴപ്പവുമില്ല. സ്വന്തം അഭിപ്രായത്തിന് ശക്തി പകരാനായി മറ്റുള്ളവരേയും പങ്കുചേർക്കുന്നു. ഇത്തരം സന്ദർഭത്തിൽ, നിങ്ങളുടെ അഭിപ്രായം നിങ്ങളുടെ അവകാശ സംരക്ഷണത്തിനാണെങ്കിലും, അല്ലെങ്കിൽ നിങ്ങൾ വിചാരിക്കുംപോലെ വ്യവസ്ഥിതിയെ നന്നാക്കുന്നതിനാണെങ്കിലും അവയിൽ പാപമോ ധിക്കാരമോ നിയമത്തെ ലംഘിക്കുന്നതോ ആയ അഭിപ്രായം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ, കുഴപ്പമുണ്ടാക്കാൻ അവസരം പാർത്തിരിക്കുകയാണ് ശയ്ത്വാൻ. 'ജമാഅത്തിന്റെ ഈ പ്രവൃത്തി നടക്കേണ്ടതിങ്ങനെയായിരുന്നില്ല, അമീർ പറയുന്നതുപോലെയോ കേന്ദ്ര മജ്‌ലിസെ ആമില പറയുന്നതുപോലെയോ അല്ല കാര്യം നടക്കേണ്ടത്. നമ്മൾ പറയുന്നതുപോലെയാണ് കാര്യം നടക്കേണ്ടത്. കാരണം ഞങ്ങൾ അവിടെ ഉണ്ടായിരുന്നതാണ്. ഇക്കാര്യം എങ്ങനെ ചെയ്യണമെന്ന് ഇവർക്കെന്തറിയാനാണ്'; എന്നൊക്കെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ചിലപ്പോൾ ചിലയാളുകൾ വേറിട്ടിരുന്ന് കൂടിയാലോചന നടത്താറുണ്ട്.

ഈ കൂടിയാലോചനകൾ, ഇത്തരത്തിലുള്ള കാര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സദസ്സുകൾ, നിങ്ങൾ ഇത് ദുഷ്ചിന്തയോടെയല്ല ഇതു പറയുന്നതെങ്കിൽതന്നെ, അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാണിക്കുന്നവരുടെ കൂട്ടത്തിൽപ്പെടുന്നതാണ്. ജമാഅത്ത് വ്യക്തമായ നിലയിൽ നിങ്ങൾക്കൊരു വഴി തുറന്നുതന്ന സ്ഥിതിയ്ക്ക് അതിലൂടെ നടന്നുകൊണ്ടാണ് പ്രവർത്തിക്കേണ്ടത്. ഇതു സംബന്ധമായി, കുറച്ചാളുകളെ സംഘടിപ്പിച്ച് വേറിട്ടിരുന്ന്, സദസ്സുകൂടി

യുള്ള സംസാരങ്ങൾ നടത്താനും അമീറിന്റെ കല്പനയെ അവഗണിക്കാനും ഒരവകാശവും നിങ്ങൾക്കില്ല. ന്യൂനത കണ്ടാൽ അമീറിനേയോ ബന്ധപ്പെട്ട വിഭാഗത്തെയോ ഖലീഫയെയോ അറിയിക്കുക. അതുമതി. അതോടെ ഒരു സാധാരണക്കാരനായ അഹ്മദിയുടെ ഉത്തരവാദിത്തം കഴിഞ്ഞു. പിന്നീട് ആ പ്രവൃത്തിയിൽ ബർക്കത്തുണ്ടാകുന്നതിനും ജമാഅത്ത് വ്യവസ്ഥിതിയ്ക്ക് ഒരു ക്ഷതവും ഏല്ക്കാതിരിക്കാനും വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുക. കൂടിയാലോചിക്കണമെങ്കിൽ, കല്പനയ്ക്ക് വിധേയമായിക്കൊണ്ട് കൂടിയാലോചിക്കേണ്ടതാണ്. ന്യൂനത എങ്ങനെ ദൂരീകരിക്കാനാവുമെന്നും ജമാഅത്തിന്റെ ഉന്നമനത്തിന് എന്തു ചെയ്യാൻ കഴിയുമെന്നും ആലോചിക്കേണ്ടതാണ്.

ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾ ശയ്ത്വാന്റെ പിടിയിൽ അകപ്പെടുകയും തഖ്‌വയിൽ നിന്ന് അകന്നുപോകുകയും ചെയ്തു എന്നാണ്. അതു സംബന്ധമായി ചോദിക്കപ്പെടുമെന്ന് അല്ലാഹു പറയുന്നു. ഈ ലോകത്ത് അത്തരം ആളുകൾക്കെതിരിൽ ചിലപ്പോൾ ജമാഅത്ത് ആക്ഷൻ എടുക്കാറുണ്ട്. പരലോകത്തെ സംബന്ധിച്ച് 'എന്നെ ഭയപ്പെടുക' എന്ന് അല്ലാഹു തന്നെ പറഞ്ഞിട്ടുമുണ്ട്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇതു സംബന്ധമായി എഴുതുന്നു. മനുഷ്യന് ദുഃഖമുണ്ടാകുമ്പോഴുണ്ടാകുന്ന ചിന്തകൾ ഒന്നാണ്, സുഖമുണ്ടാകുമ്പോഴുണ്ടാകുന്ന ചിന്തകൾ മറ്റൊന്നാണ്. വിജയമുണ്ടാകുമ്പോൾ വേറൊരു രീതിയായിരിക്കും. പരാജയമുണ്ടാകുമ്പോൾ മറ്റൊരു രീതിയായിരിക്കും. ഇത്തരം ഘട്ടങ്ങളിൽ പലരീതിയിലുള്ള പദ്ധതികൾ മനസ്സിലുണ്ടാകുന്നു. അതു നിറവേറ്റാനായി ആരെയെങ്കിലും രഹസ്യമായി ചുമതലപ്പെടുത്തുന്നു. അങ്ങനെ ഒരുപാട് രഹസ്യപങ്കാളികളുണ്ടാകുമ്പോൾ അതൊരു സഭയായിത്തീരുന്നു. അല്ലാഹുതആല അത്തരം പ്രവർത്തനങ്ങളെ തടഞ്ഞിരിക്കുന്നു. തടഞ്ഞിട്ടില്ല, എന്നാൽ, ഈ കല്പന തരികതന്നെ ചെയ്തിരിക്കുന്നു.

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡۤا اِذَا تَنَاجَيۡتُمۡ فَلَا تَتَنَاجَوۡا
بِالۡاِثۡمِ وَالۡعُدۡوَانِ وَمَعۡصِيَتِ الرَّسُوۡلِ وَتَنَاجَوۡا
بِالۡبِرِّ وَالتَّقۡوٰى ؕ وَاتَّقُوا اللّٰهَ الَّذِىۡۤ اِلَيۡهِ تُحۡشَرُوۡنَ ۞
اِنَّمَا النَّجۡوٰى مِنَ الشَّيۡطٰنِ لِيَحۡزُنَ الَّذِيۡنَ اٰمَنُوۡا
وَلَيۡسَ بِضَآرِّهِمۡ شَيۡـًٔا اِلَّا بِاِذۡنِ اللّٰهِ ؕ وَعَلَى اللّٰهِ
فَلۡيَتَوَكَّلِ الۡمُؤۡمِنُوۡنَ ۞ (58:10,11)

വിശ്വസിച്ചവരെ, നിങ്ങൾ ഗൂഢാലോചന നടത്തുന്നതും സഭകൾ രൂപീകരിക്കുന്നതും നാം അറിയുന്നുണ്ട്. ഓർമിക്കുക, സഭ രൂപീകരിക്കുമ്പോൾ, അതു പാപം ചെയ്യാനോ ധിക്കാരം കാണിക്കാനോ അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാണിക്കാനോ ആയിരിക്കരുത്; മറിച്ച് നന്മയും തഖ്‌വയും കൈക്കൊള്ളാനുമായിട്ടുള്ള ആലോചനയായിരിക്കണം. ഈ സഭകൾ ചേരുമ്പോൾ, തഖ്‌വയിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ആലോചനകൾ നടക്കാനും സാധ്യതയുണ്ട്. റസൂൽ (സ)നോടു അനുസരണക്കേട് കാണിച്ചുകൊണ്ടുള്ള സംസാരവും ഉണ്ടാകാം. കാരണം എന്റെ അമീറിനെ അനുസരിക്കണമെന്നുള്ളത് റസൂലി(സ)ന്റെ വ്യക്തമായ കല്പനയാണ്. ഹദീസിൽ വന്നിരിക്കുന്നതുപോലെ: 'ആരാണോ എന്റെ അമീറിനെ അനുസരിക്കുന്നത് അവൻ എന്നെ അനുസരിക്കുന്നു. ആരാണോ എന്നെ അനുസരിക്കുന്നത് അവൻ അല്ലാഹുവിനെ അനുസരിക്കുന്നു. ആരാണോ എന്റെ അമീറിനോട് അനുസരണക്കേട് കാണിക്കുന്നത് അവൻ എന്നോട് അനുസരണക്കേട് കാണിക്കുന്നു. ആരാണോ എന്നോട് അനുസരണക്കേട് കാണിക്കുന്നത് അവൻ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നു.' അത്തരം കൂടിയാലോചന നടക്കുന്ന മജ്‌ലിസുകളിൽ ഇരിക്കരുതെന്നുതന്നെയാണ് കല്പന. മുൻകരുതലിന്റെ നേട്ടവുമിതുതന്നെയാണ്. സംഘം ചേർന്നിരുന്ന് തങ്ങളെന്തൊക്കെയോയാണെന്ന് സ്വയം മനസ്സിലാക്കുന്ന ഇക്കൂട്ടർ പിന്നീട് അമീറിനെയും ജമാഅത്ത് വ്യവസ്ഥിതിയേയും പരിഹസിക്കാൻ തുടങ്ങും. അത്തരം ആളുകൾ എവിടെ ഉണ്ടെങ്കിലും അല്ലാഹുവിനെ ഭയക്കേണ്ടതാണ്. അന്യരും ചില സദസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഇന്നത്തെ സമൂഹത്തിൽ മനുഷ്യൻ കൂടുതൽ ഇടപഴകാൻ തുടങ്ങിയിരിക്കുന്നു. ദീനിന് വിരുദ്ധമായി എവിടെ എന്തുകേട്ടാലും അവിടന്ന് എഴുന്നേറ്റു പോകേണ്ടതാണ്. ദീനിനോടുള്ള അഭിമാനം കാണിക്കേണ്ട സ്ഥലത്ത് തീർച്ചയായും അതു പ്രകടിപ്പിക്കുകയും വേണം. വഴക്കിടേണ്ട ആവശ്യമൊന്നുമില്ല. അത്തരം മജ്‌ലിസുകളിൽ നിന്നെഴുന്നേറ്റുപോകുന്നതാണ് ഉത്തമം. നിങ്ങൾക്ക് വെറുപ്പുണ്ടെന്ന് അവിടെ കൂടിയിരിക്കുന്നവർക്ക് മനസ്സിലാകുകയും വേണം.

ഹസ്റത്ത് അബ്ദുസ് മസീഹ് മൗഊദ് (അ) പറയുന്നു: സംസാരിക്കുമ്പോൾ പൂർണ്ണമായും സംസാരിക്കുക, ഇല്ലെങ്കിൽ മൗനം പാലിക്കുക എന്നതാണ് നമ്മുടെ മതം. ഇതുതന്നെയാണ് ഓരോ സത്യവിശ്വാസിയും സ്വീകരിക്കേണ്ടതും. അല്ലാഹുവിനെയും അവന്റെ റസൂലി(സ)നെയും പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന മജ്‌ലിസു കണ്ടാൽ അവരുടെ കൂട്ടത്തിൽ ഗണിക്കപ്പെടാതിരിക്കാൻ ഒന്നുകിൽ അവിടന്ന് മാറിപ്പോകുക, ഇല്ലെങ്കിൽ തുറന്ന നിലയിൽ മറുപടി പറയുക. രണ്ടുകാര്യങ്ങളാണുള്ളത്. മറുപടി പറയുക. ഇല്ലെങ്കിൽ മൗനം പാലിക്കുക. മൂന്നാമത്തെ രീതി കപടതയാണ്. മജ്‌ലി

സിൽ കുത്തിയിരിക്കുകയും എല്ലാത്തിനും 'യെസ്'മൂളുകയും, പതിഞ്ഞ സ്വരത്തിൽ തന്റെ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് കപടതയാണ്.

സ്വന്തം മജ്‌ലിസുകളിലും കപടതകണ്ടാൽ അവിടെയും ഈ ശക്തമായ രീതി അവലംബിക്കേണ്ടതാണ്. അന്യരുടെ മജ്‌ലിസുകളിലും ഇതു വിനിയോഗിക്കേണ്ടതാണ്. ദീനീപരമായ കാര്യത്തിൽ ഒരിക്കലും വിട്ടുവീഴ്ച കാണിക്കരുത്. നീരസം പ്രകടിപ്പിച്ചുകൊണ്ട് അവിടന്ന് എഴുന്നേറ്റുപോകുക എന്നതുതന്നെയാണ് വിശുദ്ധഖുർആന്റെ രീതിയും.

ഹസ്റത്ത് ദർഗാൻ പറയുന്നു: എന്റെ പിതാവ് അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. ഞാൻ നബി (സ) യുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട്, എനിക്കെന്തെങ്കിലും ഉപദേശം നല്കാൻ അപേക്ഷിച്ചു. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജീവിക്കുക. ഏതെങ്കിലും ജനതയുടെ മജ്‌ലിസിൽ പോകുമ്പോൾ, നിന്റെ പ്രകൃതിക്കനുസൃതമായി അവർ സംസാരിക്കുന്നതു കണ്ടാൽ അവിടെ നില്ക്കുക. എന്നാൽ, നീ ഇഷ്ടപ്പെടാത്ത കാര്യം അവർ സംസാരിക്കുകയാണെങ്കിൽ അവിടന്ന് പൊയ്ക്കൊള്ളുക.'

ഇവിടെയും വിവിധ തരക്കാരുണ്ട്. വിവിധരാജ്യങ്ങളിൽനിന്ന് വന്നിട്ടുള്ളവരാണ്. യൂറോപ്യൻ രാഷ്ട്രങ്ങളിൽ നിന്നുള്ളവരുമുണ്ട്. ഇന്ന് സമൂഹം സമ്മിശ്രമായിരിക്കുകയാണ്. നിങ്ങളുമായി അവർ ബന്ധപ്പെടാറുണ്ട്. കാണാറുമുണ്ട്. സുഹൃദ് ബന്ധം ഉറപ്പിക്കുന്നതിനുവേണ്ടി അവർ കൂടുന്ന അനാവശ്യ മജ്‌ലിസുകളിൽ പങ്കെടുക്കുക എന്നതു ശരിയല്ല; നമ്മുടെ പ്രകൃതിക്കനുസരിച്ചുള്ള സംസാരമല്ലെങ്കിൽ അവിടെന്ന് എഴുന്നേറ്റുപോകാനാണ് ഹദീസിൽ പറഞ്ഞിട്ടുള്ളത്. ഒച്ചയും ബഹളവും അട്ടഹാസവും മാത്രം നടക്കുന്ന സ്ഥലമാണെങ്കിൽ അവിടെ പോയിട്ടെന്തുകാര്യം? ഇവിടെ യുവാക്കളിൽ മിക്കവർക്കും അനാവശ്യമായി ഒച്ചയും ബഹളവും ഉണ്ടാക്കുക എന്നത് ശീലമാണ്. പിന്നീട് ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള തെറ്റായ സുഹൃദ് ബന്ധം. ഇതിൽനിന്ന് നമ്മുടെ ചെറുപ്പക്കാർ ഒഴിഞ്ഞുനില്ക്കേണ്ടതാണ്. അവരിലെ ഈ ദുശ്ശീലത്തിനുകാരണം, അവരുടെ മതത്തിന്റെ കോളം കാലിയായി കിടക്കുന്നതാണ്. അവർക്ക് ദീനിനെക്കുറിച്ച് ഒന്നും അറിയില്ല. അല്ലാഹുവിനെ ആരാധിക്കുന്നതുകൊണ്ട് ലഭിക്കുന്ന ആനന്ദത്തെക്കുറിച്ച് അവർക്കറിയില്ല. അതുകൊണ്ട് അവർ അവരുടെ സംസാരത്തിൽ സമാധാനവും സന്തോഷവും തേടിക്കൊണ്ടിരിക്കുന്നു. ഈ ഒച്ചയിലും ബഹളത്തിലുമാണ് അവർക്ക് ആനന്ദം. എന്നാൽ, നമ്മുടെ ചെറുപ്പക്കാർക്ക്, നമ്മുടെയാളുകൾക്ക് അല്ലാഹുവിനെ കിട്ടുന്നതിനുള്ള വഴി ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാലത്ത് കാണിച്ചുതന്നിരിക്കുന്നു. അതുകൊണ്ട്, ആഡംബരങ്ങളുടെ മജ്‌ലിസുകളിൽനിന്നും അനാവശ്യകാര്യങ്ങൾ നടക്കുന്ന മജ്‌ലിസുകളിൽനിന്നും ചീട്ടുകളിയും നൃത്തവും പാട്ടും കൂത്തും നടക്കുന്ന മജ്‌ലിസുകളിൽ നിന്നും മദ്യപാനം നടക്കുന്ന മജ്‌ലിസുകളിൽനിന്നും നമ്മുടെ ചെറുപ്പക്കാർ രക്ഷപ്പെടേണ്ടതാണ്. മനുഷ്യകുലത്തോടു സഹതാപമുണ്ടെങ്കിൽ അത്തരം കാര്യങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി അവരെയും ആരോഗ്യകരമായ വിനോദങ്ങളിലേക്ക് കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. എന്നാൽ, അവർ ചെയ്യുന്ന കാര്യങ്ങൾ ചെയ്യേണ്ട ആവശ്യമില്ല.

രണ്ടുതരം മജ്‌ലിസുകളെക്കുറിച്ച് ഞാൻ പറഞ്ഞു. ഏത് തരം മജ്‌ലിസുകളിലാണ് നാം ഇരിക്കേണ്ടതെന്നും മജ്‌ലിസുകളോടുള്ള കടമകളെന്താണെന്നും മര്യാദകളെന്താണെന്നും നബി (സ) നമുക്ക് വഴികാട്ടിത്തന്നിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'മൂന്നുതരം മജ്‌ലിസുകളുണ്ട്. രക്ഷാപരം, പ്രയോജനപ്രദം, നാശഹേതുകം.'

ദീനിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന മജ്‌ലിസുകളിൽനിന്ന് നിർബന്ധമായും അകന്നിരിക്കണമെന്ന് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. വെറും കളിതമാശകളിൽ അകപ്പെടുത്തുന്ന മജ്‌ലിസുകൾ അല്ലാഹുവിൽ നിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകുക മാത്രമല്ല മനുഷ്യനെ നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് രക്ഷയും ശാന്തിയും പ്രദാനം ചെയ്യുന്ന മജ്‌ലിസുകൾ അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്. രക്ഷാപരമായ മജ്‌ലിസ് എങ്ങനെയുള്ളതാണ്? ഇതു സംബന്ധമായി ഒരു നിവേദനമുണ്ട്.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. ആരോ നബി (സ) യോടു ചോദിച്ചു: സഹചാരി എങ്ങനെയായിരിക്കണം? ഏത് തരക്കാരുടെ മജ്‌ലിസിലാണ് ഞങ്ങൾ ഇരിക്കേണ്ടത്? അവിടന്ന് പറഞ്ഞു: '*മൻ ദകറക്കുമുല്ലാഹു റുഅ്‌യത്തഹു വ സാദ ഫീ ഇൽമിക്കും മൻത്വിഖു വ ദക്കറക്കുംബിൽ ആഖിറത്തി അമലു.*' ആരെ കാണുമ്പോഴാണോ അല്ലാഹുവിനെ ഓർമ വരുന്നത്, ആരുമായി സംസാരിക്കുമ്പോഴാണോ നിന്റെ ദീനീപരമായ അറിവ് വർധിക്കുന്നത്, ആരുടെ കർമ്മങ്ങളാണോ നിന്നെ പരലോകത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നത് അത്തരക്കാരുടെ മജ്‌ലിസിലിരിക്കുക.

അല്ലാഹുവിനെ സ്മരിക്കുന്നവരും അവന്റെ ദീനിന്റെ മഹത്വത്തെക്കുറിച്ച് സംസാരിക്കുന്നവരും ദീനീപരമായ അറിവ് വർധിക്കുന്ന ചർച്ചകൾ നടത്തുന്നവരും, ദഅ്‌വത്തെ ഇലല്ലായ്ക്കുവേണ്ടി തെളിവുകൾ ലഭിക്കുന്നതും വിശുദ്ധഖുർആന്റെ ജ്ഞാനം ലഭിക്കുന്നതുമായ മജ്‌ലിസിൽനിന്നാണ് രക്ഷ ലഭിക്കുന്നത്. ഈ ലോകത്തെ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ മാത്രം കണ്ടാൽ പോര, മറിച്ച് ഈ ലോകത്തെ ഉപേക്ഷിച്ചുകൊണ്ട് പോകേണ്ടതാണെന്ന് വിചാരമുണ്ടാകുകയും അല്ലാഹു ഇഷ്ടപ്പെട്ട കർമ്മങ്ങൾ ചെയ്യുകയും വേണ്ടതാണ്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'ഒരു ജനത പള്ളിയിൽ അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നതിനും ദർസ് കേൾക്കുന്നതിനും വേണ്ടിയിരിക്കുമ്പോൾ അവരിൽ സമാധാനം ഇറങ്ങുന്നു. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിയുന്നു. മലക്കുകൾ അവരെ തങ്ങളുടെ സംരക്ഷണ വലയത്തിലെടുക്കുകയും ചെയ്യുന്നു.'

ഇത്തരം നല്ല മജ്‌ലിസുകളാണ് രക്ഷയുടെ മജ്‌ലിസുകൾ. ഇജ്തിമാകളും ജൽസകളും എല്ലാമടങ്ങുന്ന മജ്‌ലിസുകൾ ഇത്തരത്തിലുള്ളതാണ്. അഹ്മദിയ്യാ ജമാഅത്ത് സൗഭാഗ്യവതിയാണ്. ഒരു കൈയിൽ ഒരുമിച്ചുകൂട്ടപ്പെട്ടകാരണത്താൽ ഇത്തരം അവസരങ്ങൾ നമുക്കു കൈ വരുന്നു. ഇൻശാഅല്ലാഹ് ഇവിടത്തെ ജൽസയും വരാൻ പോകുകയാണ്. എല്ലാഭാഗത്തുനിന്നും അല്ലാഹുവിന്റെ കാരുണ്യങ്ങളുടെയും അനുഗ്രഹങ്ങളുടെയും മഴ നമ്മിൽ വർഷിച്ചുകൊണ്ടിരിക്കാൻ ഇതിൽ നിന്നും നാം പൂർണ്ണമായും ഫലമെടുക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'ദൈവസ്മരണ ചെയ്യാതെ മജ്‌ലിസിൽ ഇരിക്കുന്ന ആളുകൾ, തങ്ങളുടെ ആ മജ്‌ലിസിനെ ഖിയാമത്തുനാളിൽ ദുഃഖത്തോടെ നോക്കിക്കാണുന്നതാണ്.'

അത്തരമാളുകൾക്ക് അവസരങ്ങൾ കിട്ടാറുണ്ട്. പണം മുടക്കി യാത്ര ചെയ്ത് ജൽസയിലും അവർ വരുന്നു. എന്നാൽ, അതിൽ നിന്ന് ഫലമെടുക്കുന്നതിനു പകരം, അവരുടേതായ മജ്‌ലിസുകൾ സംഘടിപ്പിച്ച് ചിരിച്ചും കളിച്ചും വാചകമടിച്ചും തിരിച്ചുപോകുന്നു. അവർ ചിന്തിക്കേണ്ടതാണ്. ഈ ഹദീസ് എപ്പോഴും മുന്നിൽ വെയ്ക്കേണ്ടതാണ്. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ ഈ ദിനങ്ങളിൽ പ്രത്യേകമായും ദൈവസ്മരണയിൽ മുഴുകുമെന്ന ഉദ്ദേശ്യത്തോടുകൂടി വരിക.

നബി (സ) തിരുമേനി പറഞ്ഞിരിക്കുന്നു: 'അല്ലാഹുവിനെ സ്മരിക്കാതെ സദസ്സിൽ നിന്ന് എഴുന്നേറ്റുപോകുന്നവർ കഴുതയുടെ ശവത്തിനരികിൽ നിന്ന് എഴുന്നേറ്റ് പോകുന്നതിന് തുല്യരാണ്. ആ സദസ്സ് അവർക്ക് ദുഃഖകരമായിത്തീരുന്നതാണ്.'

ദീനീപരമായ കാര്യങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ആ സദസ്സിൽ നിന്ന് അവർ അനുഗ്രഹമെടുക്കുന്നില്ല. തങ്ങളുടെതായ സദസ്സ് സംഘടിപ്പിക്കുന്ന കാരണത്താൽ അല്ലാഹുവിന്റെയും റസൂൽ (സ)ന്റെയും കാര്യങ്ങൾ അവതരിപ്പിക്കുന്ന സദസ്സിൽ നിന്ന് ഫലമെടുക്കുന്നില്ല. പകരം ശവത്തിന്റെ ദുർഗന്ധവും കൊണ്ട് തിരിച്ചുപോകുന്നു. പ്രതിഫലത്തിനുപകരം നഷ്ടം വഹിക്കുന്നു. അല്ലാഹുതആല എല്ലാ അഹ്മദികളെയും ഇതിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

ഹസ്റത്ത് അബൂമൂസ അശ്അരി (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'നല്ലകൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ കസ്തൂരി വഹിക്കുന്നവന്റെയും അടുപ്പിൽ ഊതുന്നവന്റെയും പോലെയാണ്. കസ്തൂരിവഹിക്കുന്നവൻ നിനക്ക് സൗജന്യമായി സുഗന്ധം നല്കുകയോ നീ അവനിൽ നിന്ന് അതു വാങ്ങുകയോ ചെയ്യും. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം നീ അവനിൽ നിന്ന് സുഗന്ധം ആസ്വദിക്കും. അടുപ്പിൽ ഊതുന്നവൻ നിന്റെ വസ്ത്രം കരിച്ചുകളയുകയോ അതിന്റെ ദുർഗ്ഗന്ധം വമിക്കുന്ന പുക നിന്നെ ബുദ്ധിമുട്ടിക്കുകയോ ചെയ്യുന്നതാണ്.' ഇതും ആ മജ്‌ലിസുകളുമായി ബന്ധപ്പെട്ടതാണ്. നന്മകളെക്കുറിച്ച് അറിയാൻ കഴിയുന്ന മജ്‌ലിസുകളിലായിരിക്കണം എപ്പോഴും ഇരിക്കേണ്ടത്. തഖ്‌വയെക്കുറിച്ചും, അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ)ന്റെയും കല്പനകളെക്കുറിച്ചും അറിയാൻ കഴിയുന്ന മജ്‌ലിസുകളിലിരിക്കേണ്ടതാണ്. സ്വയം നന്നാകാനും ജീവിതം സുവർണ്ണമാക്കിത്തീർക്കാനും മതപരമായ അറിവ് സമ്പാദിക്കാനും ആഗ്രഹിക്കുന്നെങ്കിൽ എപ്പോഴും ഹദീസിൽ വന്നതുപോലെ നല്ലവരുമായി സഹവസിക്കേണ്ടതാണ്; അത്തരം മജ്‌ലിസുകൾ അന്വേഷിച്ച് കൊണ്ടിരിക്കേണ്ടതാണ്.

മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'സത്യവിശ്വാസിയുടെ അടുത്തല്ലാതെ മറ്റാരുടെയടുത്തും നിങ്ങൾ ഇരിക്കരുത്. മുത്തഖിയായ മനുഷ്യനല്ലാതെ മറ്റാരും നിങ്ങളുടെ ഭക്ഷണം തിന്നുകയുമരുത്.'

ബലഹീനരായ ആളുകൾ മറ്റുള്ളവരോട് ഒന്നും നോക്കാതെ കൂട്ടുകൂടാറുണ്ട്. ഇത്തരമാളുകൾ അത്തരം മജ്‌ലിസുകളിൽ നിന്നും സുഹൃദ് ബന്ധങ്ങളിൽ നിന്നും വിട്ടുനില്ക്കേണ്ടതാണ്. തഖ്‌വയിലും നന്മയിലും നിലകൊള്ളുന്നവരുമായിട്ടായിരിക്കണം കൂട്ടുകൂടേണ്ടത്. ചീത്ത കൂട്ടുകളിൽ നിന്നും എങ്ങനെയും രക്ഷപ്പെടേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: സത്യവാനും വിശ്വസ്തനുമായ ഒരാളുടെയടുത്ത് മനുഷ്യനിരിക്കുമ്പോൾ സത്യസന്ധത അവനിൽ പ്രവർത്തിക്കാൻ തുടങ്ങുന്നു. എന്നാൽ സത്സംഗം ഉപേക്ഷിച്ചുകൊണ്ട് ദുഷ്ടന്മാരുടെയും ദ്രോഹികളുടേയും സംഘത്തിലിരിക്കുമ്പോൾ അവനിൽ തിന്മ പ്രവഹിക്കാൻ തുടങ്ങുന്നു. ഇതുകൊണ്ടാണ് ഹദീസുകളിലും ഖുർആനിലും ആ സംഘത്തിൽനിന്ന് രക്ഷപ്പെടാൻ പറഞ്ഞിട്ടുള്ളത്. എഴുതിയിരിക്കുന്നു, അല്ലാഹുവിനെയും അവന്റെ റസൂൽ (സ)നെയും നിന്ദിക്കുന്ന സദസ്സുകളിൽ നിന്ന് പെട്ടെന്ന് എഴുന്നേറ്റുപോകുക. ഇല്ലെങ്കിൽ അവരിൽ പതിയുന്ന നിന്ദ്യതയുടെ ഫലം ഇവരിലും ഉണ്ടാകും. സത്യവാന്മാരുടെയും വിശ്വസ്തരുടെയും അടുത്തിരിക്കുന്നവനും അവരിൽ പെട്ടവനായി ഗണിക്കപ്പെടും. അതുകൊണ്ട്, '*കൂനൂ മഅ സ്സാദിഖീൻ*', സത്യസന്ധന്മാരിൽ ഉൾപ്പെട്ടവരാകുക എന്ന കല്പനയനുസരിച്ച് മനുഷ്യൻ

പ്രവർത്തിക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. ഹദീസിൽ വന്നിരിക്കുന്നു: അല്ലാഹു മലക്കുകളെ ഭൂമിയിലേക്കയക്കുന്നു. അവർ പരിശുദ്ധന്മാരുടെ മജ്‌ലിസിൽ വരുന്നു. തിരിച്ചു ചെല്ലുമ്പോൾ എന്താണ് കണ്ടതെന്ന് അല്ലാഹു അവരോട് ചോദിക്കുന്നു. തങ്ങൾ ഒരു മജ്‌ലിസ് കണ്ടുവെന്നും അതിൽ നിന്റെ സ്മരണ നടക്കുകയായിരുന്നെന്നും എന്നാൽ അവ രിൽപ്പെടാത്ത ഒരാൾ ആ കൂട്ടത്തിൽ ഉണ്ടായിരുന്നു വെന്നും അവർ പറയും. അല്ലാഹു പറയും: അങ്ങ നെയല്ല. അയാളും അവരിൽപ്പെട്ടവൻ തന്നെയാണ്. അല്ലാഹു പറയുന്നു: '*ഇന്നഹും ഖൗമുൽ ലാ യശ്ഖാ ജലീസഹും*'. സത്യസന്ധന്മാരോടൊപ്പം സഹവസി ക്കുന്നതുകൊണ്ട് എത്രമാത്രം നേട്ടമുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഈ സഹവാസത്തിൽ നിന്ന് അകന്നു കഴിയുന്നവൻ നിർഭാഗ്യവാനാണ്.

ചിലയാളുകൾ പരിശുദ്ധമായ മജ്‌ലിസിൽ ഇരി ക്കാറുണ്ട്. പക്ഷേ, ആ മജ്‌ലിസിലെ നന്മയൊന്നും അവരെ സ്വാധീനിക്കുകയില്ല. എന്തെങ്കിലും ദോഷം കാണുകയാണെങ്കിൽ അതുപൊക്കിപ്പിടിച്ച് ബഹള മുണ്ടാക്കുക എന്ന ചിന്തയായിരിക്കും അവർക്കുള്ള ത്. അത്തരമാളുകൾക്ക് ഉദാഹരണം പറഞ്ഞുകൊണ്ട് നബി (സ) അരുൾ ചെയ്തു. "ജ്ഞാനപരമായ കാര്യം കേൾക്കുകയും ആ കേട്ടതിൽനിന്നും ഏറ്റവും ദോഷ കരമെന്ന് തോന്നുന്ന കാര്യത്തെ പിൻപറ്റുകയും ചെയ്യുന്നവൻ, ഒരു ആട്ടിടയന്റെ അടുക്കൽവന്ന് ആട്ടിൻപറ്റത്തിൽ നിന്ന് ഒരു ആടിനെ പിടിച്ചുതരാൻ പറഞ്ഞവനെ പ്പോലെയാണ്. ആട്ടിൻപറ്റത്തിൽ നിന്ന് നിനക്കു ഏറ്റവും ഇഷ്ടപ്പെട്ടതിന്റെ ചെവിപിടിച്ചുകൊ ള്ളുക എന്ന് ആട്ടിടയൻ അപ്പോൾ പറഞ്ഞു. അവൻ പോകുകയും ആട്ടിൻപ്പറ്റത്തെ കാക്കുന്ന നായയുടെ ചെവി പിടിക്കുകയും ചെയ്തു."

അത്തരമാളുകൾ ഈ ചിന്താഗതിയോടെ യാണ് സദസ്സുകളിൽ വന്നിരിക്കുന്നത്. പുറത്തു പോയി നല്ലകാര്യങ്ങൾ പറയുന്നതിനുപകരം അവിടെ ആരുടെയെങ്കിലും ദോഷം കണ്ടാൽ അതായിരിക്കും കൂടുതൽ ചർച്ചചെയ്യുക. കാരണം അവരുടെ അറിവ് തന്നെ ഇതാണ്. പട്ടിയെയല്ലാതെ മറ്റൊന്നിനെയും അവർ അവിടെ കണ്ടിട്ടുണ്ടാകുകയില്ല. അതുകൊണ്ട് മുന്നോട്ടുചെന്ന് പട്ടിയുടെ ചെവി പിടിക്കുന്നു.

നല്ല മജ്‌ലിസുകളിൽനിന്ന് പ്രയോജനമെടുക്കു ന്നത് സത്യവിശ്വാസിയുടെ ലക്ഷണമാണ്. ആർക്കെ ന്തെങ്കിലും വിഷമം ഉണ്ടാകുന്ന തരത്തിൽ മജ്‌ലിസിലേക്ക് കയറിയിരിക്കുന്നതിനെ നബി (സ) ഇഷ്ടപ്പെട്ടിരുന്നില്ല. മജ്‌ലിസിന്റെ മര്യാദയെന്താണ്; അതിനോടുള്ള കടയമയെന്താണ്, അതിലെങ്ങനെ ഇരിക്കണം എന്നെല്ലാം നബി (സ) പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മജ്‌ലിസിൽ ഇരിക്കുന്നവർക്ക് ബുദ്ധി മുട്ടുണ്ടാകാത്തവിധം, അവരിൽ നല്ലസ്വാധീന മുണ്ടാകും വിധം മജ്‌ലിസിൽ കടന്നിരിക്കേണ്ടതാണ്.

ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു. "ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്നതരത്തിൽ തന്നിൽ നിന്ന് ദുർഗന്ധം ഉണ്ടാകുന്നതിനെ നബി (സ) തിരുമേനി ഇഷ്ടപ്പെ ട്ടിരുന്നില്ല."

നോക്കുക, എത്രമാത്രം ശുചിത്വമാണ്. നബി (സ) തിരുമേനിയുടെ ശരീരത്തിൽ നിന്ന് അത്ഭുത കരമായ ഒരു സുഗന്ധം പരന്നിരുന്നുവെന്ന് ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ദുർഗന്ധത്തിന്റെ പ്രശ്നമേ അവിടെ ഉദിക്കുന്നില്ല. യഥാർത്ഥത്തിൽ ഈ ഉദാഹരണം മറ്റുള്ളവർക്ക് വേണ്ടിയായിരുന്നു. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവിധത്തിൽ നബി (സ) തിരുമേനി മജ്‌ലിസിൽ വരുന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതുകൊണ്ട്, ജുമുഅ, പെരുന്നാൾ ദിനങ്ങളിൽ സുഗന്ധം പൂശിവരാനാണ് നിർദ്ദേശ മുള്ളത്.

ജുമുഅ ദിവസം പെരുന്നാളാണെന്നും അല്ലാഹു അത് മുസ്‌ലിംകൾക്ക്‌വേണ്ടി സൃഷ്ടിച്ചി ട്ടുള്ളതാണെന്നും ഹദീസിൽ വന്നിരിക്കുന്നു. ജുമുഅ നിർവ്വഹിക്കുക എന്ന ഉദ്ദേശ്യത്തോടെ വരുന്നവർ കുളിക്കുകയും, സുഗന്ധം കയ്യിലുള്ളവർ അതുപൂശുകയും, ദന്തശുചീകരണം നിർബന്ധമാ ക്കുകയും ചെയ്തുകൊള്ളട്ടെ. ഇത് മജ്‌ലിസിന്റെ മര്യാദകളിൽ പെട്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യരിൽ രണ്ടവസ്ഥകളാണുള്ളത്. ആരാണോ ആന്തരീകമായ പരിശുദ്ധിയിൽ നിലകൊള്ളാനാ ഗ്രഹിക്കുന്നത് അവൻ ബാഹ്യമായ പരിശുദ്ധിയേയും ഗൗനിക്കേണ്ടതാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: '*ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വ യുഹിബ്ബുൽ മുതത്വഹ്ഹിരീൻ.*' ആരാണോ ആന്തരീകവും ബാഹ്യവുമായ പരിശുദ്ധി തേടുന്നത് ഞാൻ അവനെ സ്നേഹിക്കുന്നു. ബാഹ്യമായ പരിശുദ്ധി ആന്തരീകമായ പരിശുദ്ധിക്കുള്ള സഹായിയും സഹകാരിയുമാണ്. (അതായത് ബാഹ്യമായ പരിശുദ്ധികാരണത്താൽ ആന്തരീകമായ പരിശുദ്ധിയുമുണ്ടാകുന്നു.)

മനുഷ്യൻ ബാഹ്യമായ പരിശുദ്ധി ഉപേക്ഷിക്കുകയും വിസർജ്ജന സ്ഥലത്തു പോയിട്ട് ശുചീകരിക്കാതിരിക്കുകയും ചെയ്താൽ ആന്തരീക പരിശുദ്ധി ഉണ്ടാകുകയില്ല. അതുകൊണ്ട് ഓർമ്മി ക്കുക, ബാഹ്യമായപരിശുദ്ധി ആന്തരീകമായ പരിശുദ്ധിക്ക് ഒഴിച്ചുകൂടാൻപറ്റാത്തതാണ്. അതിനാൽ ഓരോ മുസൽമാനും ജുമുഅ ദിവസമെങ്കിലും കുളിക്കേണ്ടതും, ഓരോ നമസ്ക്കാരത്തിനും വുളുചെയ്യേണ്ടതും സുഗന്ധം കൈവശമുള്ളവർ സുഗന്ധം പൂശിവരേണ്ടതും നിർബന്ധമാണ്. പെരുന്നാൾ നാളുകളിലും ജുമുഅ ദിവസങ്ങളിലും സുഗന്ധം പൂശിവരാൻ നിർദ്ദേശമുണ്ട്. അത് ഇക്കാരണത്താൽ തന്നെയാണ്. യഥാർത്ഥ്യമെന്താ ണെന്നുവെച്ചാൽ ജനങ്ങൾ ഒന്നിച്ചുകൂടുമ്പോൾ ദുർഗന്ധമുണ്ടാകാനിടയുണ്ട്. അതുകൊണ്ട്

കുളിക്കുകയും വൃത്തിയുള്ള വസ്ത്രം ധരിക്കുകയും സുഗന്ധം പൂശുകയും ചെയ്യുമ്പോൾ വിഷാണുക്കളേയും ദുർഗന്ധത്തെയും തടയാൻ കഴിയും. അല്ലാഹു തആലാ ജീവിതത്തിൽ ഈ നിയമങ്ങൾ നിശ്ചയിച്ചിരിക്കുന്നതുപോലെ അത്തരം നിയമം മരിച്ചതിനുശേഷവും വെച്ചിരിക്കുന്നു.

ഇപ്പോൾ ഇവിടെ ചൂട് അധികമാണ്. ധാരാളം വിയർപ്പുണ്ടാകുന്നു. ഇവിടെ പള്ളിയിൽ പരവതാനി വിരിച്ചിരിക്കുകയാണ്. അതുകൊണ്ട് കാലുറകൾ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ നിത്യവും വൃത്തിയുള്ള കാലുറകൾ ധരിക്കേണ്ടതാണ്.

മജ്‌ലിസുകളിൽ പാലിക്കേണ്ട മര്യാദകളെ സംബന്ധിച്ച് നബി (സ) ഇങ്ങനെയും പറഞ്ഞു. ഒരു ഹദീസിൽ നിവേദനം വന്നിരിക്കുന്നു. നബി (സ) തറപ്പിച്ചുപറഞ്ഞു: "തുമ്മൽ അല്ലാഹുവിന് ഇഷ്ടമുള്ളതും കോട്ടുവായ അവന് വെറുപ്പുളവാക്കുന്നതുമാകുന്നു. അതുകൊണ്ട് നിങ്ങളാരെങ്കിലും തുമ്മുകയും അനന്തരം അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ '*യർഹമുക്കല്ലാഹ്*' (അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ) എന്ന് പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കൽ അതുകേൾക്കുന്ന ഏതൊരു മുസ്‌ലിമിന്റേയും കടമയാണ്. എന്നാൽ കോട്ടുവായ പിശാചിന്റെ പക്കൽ നിന്നുള്ളതാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും കോട്ടുവായ് ഇടുന്നപക്ഷം തന്റെ കഴിവനുസരിച്ച് തടഞ്ഞുകൊള്ളട്ടെ. കാരണം കോട്ടുവായിടുമ്പോൾ പിശാച് സന്തോഷം പ്രകടിപ്പിക്കുന്നതാണ്."

ചിലയാളുകൾക്ക് കോട്ടുവായ അമർത്താൻ കഴിയുകയില്ല. എന്നാൽ കഴിയും വിധം അത് അമർത്താൻ ശ്രമിക്കേണ്ടതാണ്. കുറഞ്ഞത്, വായ തുറന്ന് ഹാ..ഹാ... എന്നെങ്കിലും പറയാതിരിക്കേണ്ടതാണ്. കാരണം കോട്ടുവായ് പിശാചിന്റെ പക്കൽ നിന്നുള്ളതാണ്, അതുവരുമ്പോൾ പിശാച് ചിരിക്കുന്നു.

ചിലയാളുകൾ സദസ്സുകളിലിരിക്കുമ്പോൾ കോട്ടുവായ് വന്നാൽ അത് അമർത്താൻ ശ്രമിക്കുന്നില്ലെന്ന് മാത്രമല്ല കൈകൊണ്ട് വായ പൊത്തുകപോലുമില്ല. ചിലപ്പോൾ കൈകൾ നിവർത്തിക്കൊണ്ടായിരിക്കും കോട്ടുവായ് വിടുന്നത്. അതിന്റെ ശക്തിയിൽ ചിലപ്പോൾ അടുത്തിരിക്കുന്ന ആളുടെ മൂക്കിലായിരിക്കും ചിലപ്പോൾ കൈകൊള്ളുന്നത്. കുട്ടികൾ ഇത്തരം വലിയവരെ കാണുമ്പോൾ അവരിലും അതുണ്ടാകാൻ ഇടവരും. ചില വഅ്ഫെനൗക്ലാസുകളിൽ ഞാനിതുകണ്ടിട്ടുണ്ട്. ഇതിനെക്കുറിച്ച് പറഞ്ഞിട്ടുമുണ്ട്. എപ്പോഴും കൈകൊണ്ട് വായപൊത്തുക. മെല്ലെ മെല്ലെ കോട്ടുവായവിടുക.

ചിലയാളുകൾ പള്ളിയിൽ നമസ്ക്കരിക്കുമ്പോൾ ശബ്ദമുണ്ടാക്കി കോട്ടുവാ വിടുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇവിടെ 'ഹാ..ഹാ' എന്ന ശബ്ദമാണെങ്കിൽ ചിലയിടങ്ങളിൽ 'ഹായ്' 'വായേ' എന്നശബ്ദമായിരിക്കും ഉണ്ടായിരിക്കുക. ഇയാൾക്കെന്തെങ്കിലും ആയിപ്പോയോ എന്ന സംശയംവരെ ഉണ്ടാകാറുണ്ട്. അതുകൊണ്ട് നമസ്ക്കരിക്കുമ്പോഴെങ്കിലും സൂക്ഷ്മതപാലിക്കേണ്ടതാണ്.

സദസ്സുകളിൽ സംസാരിക്കേണ്ടതായി വരുമ്പോൾ എല്ലാവരും കേൾക്കത്തക്കരീതിയിൽ സംസാരിക്കേണ്ടതും സദസ്സുകളിൽ പാലിക്കേണ്ട മര്യാദകളിൽ പെട്ടതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: രണ്ടാളുകൾ തങ്ങളുടെ മൂന്നാമത്തെ കൂട്ടുകാരനെ മാറ്റിനിറുത്തി കുശുകുശുക്കരുത്. കാരണം അത് മൂന്നാമനെ ദുഃഖിപ്പിക്കും. ചിലപ്പോൾ അത് വലിയ കലഹത്തിലേക്കുവരെ ചെന്നെത്താറുണ്ട്. ഇങ്ങനെ ചെയ്യുന്നതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ആരോടെങ്കിലും അത്യാവശ്യകാര്യം എന്തെങ്കിലും പറയേണ്ടിവന്നാൽ, കൂടെയുള്ളയാളിൽനിന്ന് അനുവാദം വാങ്ങേണ്ടതാണ്, ഒരു തരത്തിലുള്ള ദുർഭാവനയും ഉണ്ടാകാതിരിക്കാൻ. കാരണം ശയ്ത്വാൻ എങ്ങനെയും കുഴപ്പമുണ്ടാക്കാൻ തക്കം പാർത്തിരിക്കുകയാണ്.

വഴിയരികിൽ സംഘം ചേർന്നിരിക്കുന്നവരെ സംബന്ധിച്ച് ഒരുനിവേദനം വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: "വഴിയിൽ ഇരിക്കുന്നതിൽ നിന്ന് രക്ഷപ്പെടുക. വഴിയിലല്ലാതെ ഇരിക്കാൻ ഞങ്ങൾക്ക് വേറെ മാർഗ്ഗമില്ലെന്ന് സ്വഹാബത്ത് പറഞ്ഞു. അവിടെയിരുന്ന് ഞങ്ങൾ സംസാരിക്കാറുണ്ടെന്നും അറിയിച്ചു. ഇതുകേട്ടപ്പോൾ നബി (സ) പറഞ്ഞു: വഴിയിലിരിക്കുന്നതിൽ നിന്ന് നിങ്ങൾ പിന്മാറുന്നില്ലെങ്കിൽ-അതായത് മറ്റെങ്ങും ഇരിക്കാൻ ഇടമില്ലെങ്കിൽ വഴിക്ക് അതിന്റെ അവകാശം വിട്ടുകൊടുക്കുക. വഴിയുടെ അവകാശമെന്താണ് അല്ലാഹുവിന്റെ റസൂലേ? എന്നവർ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: ദൃഷ്ടി താഴോട്ടാക്കുക. എല്ലാവരേയും നോക്കാതിരിക്കുക. വിഷമം ഉണ്ടാക്കുന്ന വസ്തുക്കൾ എടുത്തുമാറ്റുക."

ബസാറിലിരിക്കുമ്പോൾ ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന എന്തെങ്കിലും വസ്തുകണ്ടാൽ അത് എടുത്തുമാറ്റാൻ ശ്രമിക്കുക. വഴക്കുകൾ ഉണ്ടാകുമ്പോൾ അവിടെ രഞ്ജിപ്പിനായി ശ്രമിക്കുക. സലാം ചൊല്ലുമ്പോൾ മറുപടി കൊടുക്കുക. നല്ല കാര്യങ്ങൾ കല്പിക്കുക. ചീത്തകാര്യങ്ങൾ കണ്ടാൽ സ്നേഹത്തോടെ മനസ്സിലാക്കികൊടുക്കുക. ഇഷ്ടപ്പെടാത്തകാര്യങ്ങളെ വിരോധിക്കുക.

വഴിയിലല്ലാതെ ഇരിക്കാൻ സ്ഥലമില്ലെങ്കിൽ ഈ പറഞ്ഞകാര്യങ്ങൾ പാലിച്ചുകൊണ്ട് ഇരിക്കേണ്ടതാണ്. വഴിയുടെ അവകാശമാണിത്. അതുനിറവേറ്റുക. ഇല്ലെങ്കിൽ അവിടെ സംഘം ചേർന്നിരിക്കാൻ നിങ്ങൾക്കനുവാദമില്ല.

മജ്‌ലിസിൽ ഇരിക്കേണ്ടതിന് ചില മര്യാദയുണ്ട്. ചിലർ കൈകാലുകൾ നിവർത്തിവെച്ച് മറ്റുള്ള

വർ ഇരിക്കാതിരിക്കാൻ വേണ്ടി ശ്രമിക്കാറുണ്ട്. കൂടുതൽ തിരക്കുണ്ടാകുമെന്ന് കണ്ടാൽ അത്തരം മജ്ലിസുകളിൽ ഒതുങ്ങിയിരിക്കേണ്ടതാണ്. അതിലൂടെ ഹൃദയവിശാലതയുണ്ടാകും. ഒരു സത്യവിശ്വാസിയുടെ അടയാളമാണിത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: "സദസ്സുകളിൽ ഉത്തമമായത് അവയിൽവെച്ച് ഏറ്റവും വിശാലതയുള്ളതാണ്."

നബി (സ) യുടെ ഓരോ പ്രവർത്തനവും ഓരോ സ്വഭാവവും വിശുദ്ധഖുർആന് അനുസരിച്ചായിരുന്നു. ഇതും വിശാലതയുള്ള സദസ്സിന്റെ വിശദീകരണം തന്നെയാണ്. കാരണം വിശാലതയുണ്ടാകുകയാണെങ്കിൽ പരസ്പര സ്നേഹവും സാഹോദര്യവും വർധിക്കുന്നതാണ്. ഇക്കാരണത്താൽ ശയ്ത്വാന് നിങ്ങളുടെയിടയിൽ പ്രശ്നമുണ്ടാക്കാൻ കഴിയുകയില്ല. എന്നല്ല നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭ്യമാകുകയും ചെയ്യും.

നബി(സ) പറഞ്ഞു: നിങ്ങളിലാരും ആരേയും തങ്ങളുടെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽപ്പിച്ചുകൊണ്ട് അവിടെ ഇരിക്കാൻ പാടുള്ളതല്ല. പക്ഷെ കടന്നുവന്നവന് നിങ്ങൾ സൗകര്യം ചെയ്തുകൊടുക്കണം. തനിക്കുവേണ്ടി ഒരാൾ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് സൗകര്യം ചെയ്തുകൊടുത്താൽ ഇബ്നു ഉമർ (റ) അവിടെ ഇരിക്കുമായിരുന്നില്ല.

ഓരോ സത്യവിശ്വാസിയും പരസ്പരം ശ്രദ്ധിക്കുകയും തന്റെ സഹോദരന് ഇരിക്കാൻ സൗകര്യം ചെയ്തുകൊടുക്കേണ്ടതുമാണ്. എന്നാൽ പിന്നാലെ വരുന്ന ആർക്കും ആരേയെങ്കിലും എഴുന്നേൽപ്പിച്ച് ആ സ്ഥാനത്തിരിക്കാൻ ഒരു അവകാശവുമില്ല. ഇതും മജ്ലിസിന്റെ മര്യാദയ്ക്ക് വിരുദ്ധമായ പ്രവൃത്തിയാണ്; ചില നിർബന്ധസാഹചര്യത്തിൽ ആരോടെങ്കിലും എന്തെങ്കിലും ആവശ്യത്തിനായി എഴന്നേൽക്കാൻ പറഞ്ഞാലൊഴികെ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഒരു സദസ്സിൽ നിങ്ങളോട് ഒതുങ്ങിയിരിക്കാൻ പറഞ്ഞാൽ അതായത് മറ്റുള്ളവർക്ക് ഇടം നൽകാൻ പറഞ്ഞാൽ, എത്രയും വേഗം ഇടം സൗകര്യപ്പെടുത്തിക്കൊടുക്കുക; മറ്റുള്ളവർ ഇരിക്കാൻ വേണ്ടി. എഴുന്നേൽക്കാൻ ആവശ്യപ്പെട്ടാൽ ഒരു മടിയും വെറുപ്പും കൂടാതെ എഴുന്നേൽക്കുക."

എന്തെങ്കിലും കാരണത്താൽ ഇവിടെ നിന്ന് ചിലയാളുകൾ എഴുന്നേറ്റുപോകണമെന്ന് സംഘാടകർ പറഞ്ഞാൽ എഴുന്നേറ്റ് പോകേണ്ടതാണ്. കാരണം ചില സദസ്സുകൾ ചിലർക്കായി പ്രത്യേകപ്പെടുത്തിയിട്ടുള്ളതായിരിക്കും. അവിടെ എല്ലാവർക്കും ഇരിക്കാൻ അനുവാദമുണ്ടാകുകയില്ല. അവിടെയും ഓരോ അഹ്മദിയും ഹൃദയവിശാലത കാണിക്കേണ്ടതാണ്. സദസ്സിൽ ഇന്നയാൾ തന്നെ എഴുന്നേൽപ്പിച്ചുവിട്ടു എന്നുപറ ഞ്ഞ് ചിലപ്പോൾ പരാതി ലഭിക്കാറുണ്ട്. ഇത്തരം നിസ്സാരകാര്യങ്ങളെക്കുറിച്ച് പരാതിപ്പെടാതിരിക്കേണ്ടതാണ്, വ്യവസ്ഥിതിയനുസരിച്ച്; കർമ്മങ്ങൾ ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളെ ക്കുറിച്ച് പരാതിപ്പെടുക എന്നത് സത്യവിശ്വാസിക്ക് ചേർന്നതല്ല. ചിലസദസ്സുകളുണ്ട്, ഉദാഹരണത്തിന് തിരഞ്ഞെടുപ്പ് മുതലായവ നടക്കുന്ന സദസ്സുകൾ. ചിലയാളുകൾക്ക് നിയമപരമായി അവിടെ ഇരിക്കാൻ അനുവാദം ഉണ്ടാകുകയില്ല. അവരിൽ ചില ന്യൂനതകൾ ഉണ്ടാകും. അപ്പോൾ അവിടെ നിന്ന് ബഹളം ഉണ്ടാക്കാതെ നിശബ്ദനായി എഴുന്നേറ്റ് പോകേണ്ടതാണ്. അല്ലെങ്കിൽ ഉത്തരവാദിത്തമെന്താണോ അത് നല്ലവണ്ണം നിറവേറ്റേണ്ടതാണ്. അല്ലെങ്കിൽ ജമാഅത്ത് നിശ്ചയിച്ചി ട്ടുള്ള നിബന്ധന പാലിക്കേണ്ടതാണ്. അയാൾ ആ നിബന്ധന പാലിച്ചില്ലെങ്കിൽ പരാതിപ്പെടേണ്ട ആവശ്യമില്ല. എഴുന്നേൽപ്പിച്ചുവിട്ടാൽ എഴുന്നേറ്റുപോകേണ്ടതും ആ സദസ്സിന്റെ അവകാശമാണ്.

സദസ്സിൽ മറ്റുള്ളവർക്ക് ഇടം നൽകുന്നതിനെക്കുറിച്ച് നബി (സ) എത്രമാത്രം ശ്രദ്ധിച്ചിരുന്നു. ഇതിന്റെ പ്രകടനം ഒരു നിവേദനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

നബി (സ) പള്ളിയിലിരിക്കുമ്പോൾ ഒരാൾ വന്നു; ഹുസൂർ (സ) അയാൾക്ക് സ്ഥലംകെടുക്കാൻ അല്പം മാറിയിരുന്നു. അയാൾ പറഞ്ഞു: 'ഹുസൂർ, സ്ഥലം ഒരുപാടുണ്ട് അങ്ങെന്തിനാണ് ബു ദ്ധിമു ട്ടുന്നത്? ഇതുകേട്ടപ്പോൾ ഹുസൂർ (സ) പറഞ്ഞു: ഒരുമുസൽമാന്റെ അവകാശമാണ്, അവനുവേണ്ടി അവന്റെ സഹോദരൻ ചേർന്നിരിക്കുകയും അവന് സ്ഥലം വിട്ടുകൊടുക്കുകയും ചെയ്യുകയെന്നത്.'

നോക്കുക, നമ്മുടെ യജമാനരായ നബി (സ) തന്റെ കർമ്മം കൊണ്ട് ഇതുകാണിച്ചുതരികയാണ്. അപ്പോൾ നാം ഇക്കാര്യങ്ങൾ എത്രമാത്രം പ്രവർത്തിക്കേണ്ടതാണ്. ആരെങ്കിലും സദസ്സിലേക്ക് വന്നാൽ ചിലയാളുകൾ മുമ്പത്തേക്കാൾ വിസ്തരിച്ച് ഇരിക്കുന്നത് കാണാറുണ്ട്. ജൽസദിനങ്ങളിൽ പ്രത്യേകിച്ച് ഇതു ശ്രദ്ധിക്കേണ്ടതാണ്. ഇവിടെയും ഇപ്പോൾ ഇ ൻശാഅല്ലാഹ് ജൽസ നടക്കാൻ പോകുകയാണ്. ചിലപ്പോൾ സ്ഥലഞെരുക്കമുണ്ടാകും. ഒരു ഏകദേശകണക്കനുസരിച്ചാണ് ഏർപ്പാടുചെയ്യുന്നത്. ചിലപ്പോൾ സംഘാടകരുടെ കണക്കുകൂട്ടലുകൾ തെറ്റിപ്പോകാം. അത്തരം ഘട്ടത്തിൽ മറ്റുള്ളവർക്കും ഇരിക്കാൻ ഇടം നൽകുകതന്നെവേണം.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞിരിക്കുന്നു: "ജൽസാഗാഹിൽനിന്നോ പള്ളിയിൽനിന്നോ മറ്റോ നിങ്ങളിലൊരാൾ എന്തെങ്കിലും ആവശ്യ ത്തിനായി എഴുന്നേറ്റുപോയി വീണ്ടും അവിടെതന്നെ മടങ്ങിവന്നാൽ അയാൾ തന്നെയാണ് ആ ഇരിപ്പിടത്തിന് അർഹതയുള്ളവൻ."

ചിലയാളുകൾ, ഇന്നസ്ഥലം ഒഴിവായാൽ ഞാൻ അവിടെ പോയി ഇരിക്കുമെന്ന ചിന്തയിൽ

കാത്തിരിക്കാറുണ്ട്. അല്ലെങ്കിൽ ചിലപ്പോൾ തനിക്ക് ഇഷ്ടപ്പെട്ടവ്യക്തികൾ ഇരിക്കുന്നതിന്റെ പരിസരത്ത് സ്ഥലം ഉണ്ടാകുകയില്ല. അദ്ദേഹത്തിന്റെ സാമിപ്യം കരസ്ഥമാക്കുവാൻ ആഗ്രഹവുമുണ്ടാകും. അവിടന്ന് താൽക്കാലികമായി വെള്ളംകുടിക്കാനോ മറ്റോ ആരെങ്കിലും എഴുന്നേറ്റലുടൻ അവിടെ ചാടിക്കയറി യിരിക്കും. ദീനീമജ്ലിസാണെങ്കിലും, ക്ഷണിക്കപ്പെട്ട സദസ്സാണെങ്കിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ആരെങ്കിലും താല്ക്കാലികമായി എഴുന്നേറ്റ് പോയി തിരിച്ചുവന്നാൽ അയാളിരുന്നസ്ഥലം അയാളുടേതു തന്നെയാണ്. മറ്റുള്ളവർക്ക് അവിടെയിരിക്കാൻ അർഹതയില്ല. വളരെ തെറ്റായ പ്രവൃത്തിയാണിത്. അയാൾ തിരിച്ചുവരുമ്പോൾ ഉടനെ എഴുന്നേറ്റ് അയാൾക്ക് സ്ഥലം നൽകേണ്ടതാണ്.

ഇബ്നു അബ്ദ തന്റെ പിതാവിൽ നിന്നും പിതാ മഹനിൽനിന്നും നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "അനുവാദം കൂടാതെ രണ്ടുപേരുടെ യിടയിൽ ആരും ഇരിക്കാൻ പാടുള്ളതല്ല." സ്ഥലം കണ്ടയുടനെ കയറിയിരിക്കുക എന്നതും വളരെ ചീ ത്തശീലമാണ്. രണ്ടുപേരിരിക്കുന്നു. മൂന്നുകസേ രകളുമുണ്ട്. അവർ മൂന്നാമനുവേണ്ടി ചേർന്നിരിക്കേ ണ്ടതാണ്. എന്തെങ്കിലും കാരണത്താൽ കസേര ഒഴി വാണെങ്കിൽ വരുന്നവർ അവിടെയിരിക്കുന്നവരോട് അനുവാദം ചോദിക്കേണ്ടതാണ്. ഇത്തരം ചെറിയ ചെറിയ കാര്യങ്ങൾ അടിസ്ഥാനപരമായ സ്വഭാവ ങ്ങളാണ്. ഇതു ഓരോ അഹ്മദിയിലും ഉണ്ടായിരി ക്കേണ്ടത് നിർബന്ധമാണ്.

മജ്ലിസിനെക്കുറിച്ച് ഇക്കാര്യവും ശ്ര ദ്ധിക്കേ ണ്ടതാണ്. മജ്ലിസ് എന്നത് അമാനത്ത് അഥവാ സൂക്ഷിപ്പുമുതലാണ്. ഇരിക്കുന്ന മജ്ലിസ് പ്രൈ വറ്റോ അല്ലെങ്കിൽ പ്രത്യേകനിലയിൽ ചേരുന്നതോ ആണെങ്കിൽ അതിൽ പറയുന്നകാര്യങ്ങൾ പുറത്തു പറയാൻ ആർക്കും അവകാശമില്ല. വിശാലമായ സദസ്സ്, ജൽസ തുടങ്ങിയവയാണെങ്കിൽ അതു വേറെ കാര്യം. പ്രൈവറ്റ് മീറ്റിങ്ങുകളിൽ പ്രധാനപ്പെ ട്ട വിഷയങ്ങൾ ചർച്ചചെയ്യുമ്പോൾ അതുകേൾക്കുന്ന വർ പുറത്തുപറയാൻ പാടില്ലാത്തതാണ്. അതു പോലെ തന്നെ ഓഫീസുകളിൽ ജോലിചെയ്യുന്ന വരും, ഓഫീസുസംബന്ധമായ കാര്യങ്ങൾ പുറത്തു പറയരുത്. നമ്മുടെ വിവിധ ശാഖാസംഘടനകളുണ്ട് അവരും തങ്ങളുടെ രഹസ്യകാര്യങ്ങൾ സൂക്ഷിക്കേ ണ്ടതാണ്. ഇതും സദസിനോടുള്ള കടമയാണ്, ഒരു അമാനത്താണ്. ഒരു വിധത്തിലും അതു പുറത്തുവ രാൻ പാടുള്ളതല്ല. നബി (സ) തിരുമേനി പറഞ്ഞു: "മജ്ലിസുകളിൽ പറയുന്ന ഒരോകാര്യവും അമാന ത്താണ്; മൂന്നുതരത്തിലുള്ള മജ്ലിസ് ഒഴികെ. ഒന്ന്, അന്യായമായി വധിക്കാൻ ഗൂഢാലോചന നടത്തുന്ന മജ്ലിസ്. രണ്ട് ദുഷ്കൃത്യം ചെയ്യാൻ പദ്ധതി ആസൂ ത്രണം ചെയ്യുന്ന മജ്ലിസ്. മൂന്ന്, അന്യായമായി ആരുടെയെങ്കിലും ധനം കൊള്ളചെയ്യാൻ പദ്ധതി ആസൂത്രണം ചെയ്യുന്ന മജ്ലിസ്."

വ്യക്തിഗതമായോ സാമൂഹ്യപരമായോ ആർ ക്കെങ്കിലും നഷ്ടമുണ്ടാക്കുന്ന പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടെന്നറിഞ്ഞാൽ ബന്ധപ്പെ ട്ടവരെ അറി യിക്കേണ്ടതാണ്. ഇതിനു പുറമേ എല്ലാ അമാനത്തും അമാനത്തുതന്നെയാണ്. ഇക്കാര്യത്തിൽ നിങ്ങൾ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നില്ലെങ്കിൽ നിങ്ങളും അതിൽ ഭാഗഭാക്കാണെന്ന് മനസ്സിലാകും.

മജ്ലിസ് പിരിച്ചുവിടുമ്പോൾ, അല്ലെങ്കിൽ അതിൽ നിന്ന് എഴുന്നേൽക്കുമ്പോൾ നബി (സ) തിരുമേനി എന്താണ് ചെയ്തിരുന്നത്, നമ്മെ എന്താണ് അവിടന്ന് പഠിപ്പിച്ചത്. എന്നതിനെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

അബുബുർസ അസ്‌ലമി (റ) നിന്ന് നിവേദനം. നബി (സ) സദസ്സിൽ നിന്ന് എഴുന്നേൽക്കാനുദ്ദേശി ച്ചാൽ അവസാനമായി ഇങ്ങനെ ദുആ ചെയ്തിരുന്നു. 'അല്ലാഹുവേ നീ പരിശുദ്ധനാണ്. നിന്നെഞാൻ സ്തുതിക്കുന്നു. നീയല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാ ൻ നിന്നോട് പാപമോചനം ആവശ്യപ്പെടുന്നു. നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു.' അന്നേരം ഒരാൾ ചോദിച്ചു. 'പ്രവചകരെ! മുമ്പൊന്നും പറയാത്തവാക്കു കളാണല്ലോ അങ്ങിപ്പോൾ പറയുന്നത്.' നബി (സ) തിരുമേനി പറ ഞ്ഞു: 'സദസ്സിലുണ്ടാകുന്ന പാപ ങ്ങളെ മാപ്പാക്കുന്ന വാക്കുകളാണിത്.'

സദസ്സിൽ ചിലപ്പോൾ തെറ്റായ വർത്തമാന ങ്ങളുണ്ടാകാം അതിന് പ്രായശ്ചിത്തമെന്നവണ്ണമാണ് ഈ ദുആ ചെയ്യാൻ നബി (സ) പഠിപ്പിച്ചത്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: കുറച്ചുവചനങ്ങളുണ്ട്. മജ്ലിസിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ആരാണോ അത് മൂന്നു പ്രാവശ്യം പറഞ്ഞത് അല്ലാഹു അതുകാരണമായി അവൻ അവിടെ ചെയ്ത പാപങ്ങളെ മറച്ചു വെക്കുന്നതാണ്. ഈ വചനങ്ങൾ ആരാണോ നന്മ യുടെ അല്ലെങ്കിൽ ദൈവസ്മരണയുടെ മജ്ലിസിൽ ചൊല്ലിയത് അവനോടൊപ്പം ഇത് മുദ്ര വെക്കപ്പെടു ന്നതാണ്. ആ വചനങ്ങൾ ഇതാണ്.

"*സുബ് ഹാനക്കല്ലാഹുമ്മ വബിഹംദിക്ക.*
*ലാഇലാഹ ഇല്ലാ അൻത അസ്തഗ്ഫിറുക്ക*
*വ അതൂബു ഇലൈക്ക്.*"

"അല്ലാഹുവേ! നീ പരിശുദ്ധനാണ്; നിന്റെ സ്തുതിയോടൊപ്പം. നീയല്ലാതെ ഒരാരാധ്യനുമില്ല. നിന്നോട് ഞാൻ പാപമോചനം യാചിക്കുന്നു. നിന്നി ലേക്ക് ഞാൻ അടുക്കുകയും ചെയ്യുന്നു."

ഞാൻ പറഞ്ഞതുപോലെ മജ്ലിസുകളിൽ ഒരുപാട് സംസാരങ്ങളുണ്ടാകാറുണ്ട്; അത് നഷ്ടം വരുത്തിവെക്കുന്നതാകാം. അതുകൊണ്ട് മജ്ലിസിൽ നിന്ന് എഴുന്നേൽക്കുമ്പോൾ ഈ ദുആ ചെയ്യേണ്ട താണ്. അല്ലാഹു തആലയോട് പാപമോചനം അർത്ഥിക്കേണ്ടതാണ്. അല്ലാഹു എല്ലാ ഉപദ്രവ

ങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ദുആ യിലൂടെ അല്ലാഹുവിൽ നിന്ന് മുഅ്രിഫത്ത് നേടേ ണ്ടത് വളരെ അത്യന്താപേഷിതമാണ്. അതുകൂടാതെ പൂർ ണ്ണമായ വിശ്വാസമുണ്ടാകുകയില്ല. അല്ലാഹുവു മായി ബന്ധം വിച്ഛേദിക്കുന്നത്. ഒരു മരണമാണെന്ന് മനസ്സിലാക്കുമ്പോഴാണ് അതു ലഭിക്കുന്നത്. പാപങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്യുന്ന തോടൊപ്പം, പ്രവർത്തനം ഉപേക്ഷിക്കാതിരിക്കുക. പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന എല്ലാ സദസ്സുകളും സഭകളും ഉപേക്ഷിക്കുക. അതിനോടൊപ്പം ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിൽനിന്ന് മനു ഷ്യന് ഉണ്ടാകുന്ന ആപത്തുകളിൽ നിന്ന് അല്ലാഹു വിന്റെ സഹായമില്ലാതെ രക്ഷപ്പെടുകയില്ലെന്നകാര്യം ഓർക്കുക.

അല്ലാഹു നമുക്ക് പരിശുദ്ധമായ സദസ്സുകളിലിരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ആ മജ്ലിസിന്റെ നന്മകൾ സ്വായത്തമാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ശയ്ത്വാനിൽനിന്ന് എപ്പോഴും രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിൽ നിന്ന് അവന്റെ ഫള്ലും കാരുണ്യവും പാപമോചനവും തേടുന്നവരായിത്തീരുമാറാകട്ടെ. ഓരോ അഹ്മദിയും ഓരോ മജ്ലിസിൽ നിന്നും അല്ലാഹുവിന്റെ കല്പനകളിലേക്ക് കൊണ്ടുപോകു ന്നവരാക്കിതീർക്കുമാറാകട്ടെ. ഒരോ മജ്ലിസും ശയ്ത്വാനിൽനിന്ന് ദൂരത്തുകൊണ്ടുപോകുന്ന തായിത്തീരുമാറാകട്ടെ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 16 - 07 - 2004 at
Baithul Futhuh
Morden, London.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**